# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1956** | **05/10/2016** -ൽ മറുപടിക്ക്

## കുടിവെള്ളക്കരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം.മണി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | (എ) വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക, പിഴയും പിഴപ്പലിശയും ഉൾപ്പെടെ 712.44 കോടി രൂപയാണ്. |
| (ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (ബി) കുടിശ്ശിക ഇക പിരിച്ചെടുക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി 2016 വർഷം കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുകയാണ്. പ്രസ്തുത ഉദ്യമം നിറവേറ്റുന്നതിലേക്കായി കുടിശ്ശികയുള്ള ഉപഭോക്താക്കളെ ബോധവൽക്കരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ മുഖേനയുള്ള മാർഗ്ഗത്തിലൂടെ പിഴ പലിശ കുറവ് ചെയ്ത് കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായുള്ള മാർഗ്ഗങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക മേൽ സൂചിപ്പിച്ചതു പോലെ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 14.5% പലിശയിൽ നിന്നും 12% ആയി കുറവ് ചെയ്ത് തീർപ്പാക്കുവാനുള്ള ഉത്തരവുകളും ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/